**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5348** **15-03-2023 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാം എന്ന പേരിൽ നിലവിൽ ഒരു പദ്ധതി ഇല്ല. എന്നാൽ ഗോത്രവർഗ്ഗ വിഭാഗക്കാരുടെ കാർഷിക മേഖലയുടെ ഉന്നമനത്തിനു വേണ്ടിയും ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി 2019-20 മുതൽ 'അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിൽ അഗളി താലൂക്കിൽ അഗളി, അട്ടപ്പാടി, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകളിൽ 1150 ഹെക്ടർ സ്ഥലത്ത് 1236 ആദിവാസി വിഭാഗത്തിൽപ്പെട്ടുന്ന കൃഷിക്കാരെ ഉൾപ്പെടുത്തിയാണ് അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി പുനഃ സ്ഥാപിക്കുകന്നതിനായി ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.<br><br>2. ജൈവ കൃഷി പ്രോത്സാഹനം വഴി കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക.<br><br>3. അട്ടപ്പാടിയുടെ കാർഷിക -പാരിസ്ഥിതിക സംതുലിതാവസ്ഥ സംരക്ഷിക്കുക.<br><br>4. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുക.<br><br>5. വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിന് വൈദ്യുതിവേലി ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ വികസനം നടപ്പിൽ വരുത്തുക.<br><br>6. ആദിവാസി ഉത്സവങ്ങൾ, പരിശീലന പരിപാടികൾ, പഠനയാത്രകൾ എന്നിവ പ്രോത്സാഹിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 7. സുസ്ഥിരതാ കൃഷി പ്രോത്സാഹിപ്പിക്കുക. |

സെക്ഷൻ ഓഫീസർ